**കേരള എക്സൈസ് വകുപ്പ്**

**മാതൃഭാഷ - മലയാളം**

**ദക്ഷിണ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നടപടി ക്രമം**

**(ഹാജർ; ബാലചന്ദ്രൻ D)**

വിഷയം : അബ്കാരി:-2023-26വർഷത്തെ ദക്ഷിണ മേഖലയിലെ വില്പന നടന്നിട്ടില്ലാത്ത/പ്രിവിലേജ്റദ്ദ് ചെയ്തിട്ടുള്ള കള്ളുഷാപ്പുകളുടെ ഓൺലൈൻ വിൽപ്പന /പുനർവിൽപ്പന സംബന്ധിച്ച് നടപടികളുടെ സമയക്രമം ക്രമപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം: 1.06.06.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 71/2023/നികുതി വകുപ്പ് (SRO നമ്പർ: 654/2023)
2.04.09.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 115/2023/നികുതി വകുപ്പ് (05.09.2023 തിയതിയിലെ SRO നമ്പർ: 942/2023)
3.15.09.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 126/2023/നികുതി വകുപ്പ്.
4.എക്സൈസ് കമ്മീഷണറുടെ 18.12.2024 തിയതിയിലെ “email” സന്ദേശം.

നമ്പർ .EXC-SZ406/2023-SZ3 തീയതി: 18-12-2024

മേൽ പരാമർശം 1, 2, 3 സർക്കാർ ഉത്തരവുകളുടെയും പരാമർശം 4 മാർഗ്ഗ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ 2024-25, 2025-26 കലയളവിലേക്കില്പന നടന്നിട്ടില്ലാത്ത/പ്രിവിലേജ് റദ്ദ് ചെയ്തിട്ടുള്ള കള്ളുഷാപ്പുകളുടെ വിൽപ്പന/പുനർവിൽപ്പനയുടെഭാഗമായി അപേക്ഷ സ്വീകരിക്കുന്നത് മുതൽ വിജയിയെ നിർണ്ണയിക്കുന്നത് വരെയുള്ള നടപടി സമയക്രമം താഴെ പറയുന്ന പ്രകാരം ക്രമീകരിച്ച് ഉത്തരവാകുന്നു.

**<u>അപേക്ഷ സമർപ്പിക്കൽ</u>**

“One Time Registration”നടത്തിയിട്ടുള്ളവർക്ക് എക്സൈസ് റേഞ്ച് ക്രമത്തിൽ മേൽ സൂചന ഉത്തരവുകളുടെയും, മാർഗ്ഗ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ 20.12.2024 മുതൽ 21.12.2024 തീയതി വരെ “online” മുഖേന അപേക്ഷകൾ സമർപ്പിയ്ക്കാവുന്നതാണ്. അതോടൊപ്പം റേഞ്ച്/ഗ്രൂപ്പ് കളുടെ പുതുക്കിയ നിരക്കിലുള്ള “Rental and Additional Rental”എന്നിവ “online payment”ചെയ്യേണ്ടതാണ്. നിശ്ചയിച്ച സമയ പരിധിക്കുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**<u>സൂക്ഷ്മ പരിശോധന</u>**

എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ തങ്ങളുടെ ഡിവിഷനിൽ online മുഖേന ലഭ്യമായ എല്ലാ അപേക്ഷകളും 22.12.2024നോഅതിനു മുമ്പോ തന്നെ ബന്ധപ്പെട്ട എക്സൈസ്

ഡിവിഷനുകളിൽ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി മേൽ പരാമർശം ഉത്തരവുകളുടെയും, മാർഗ്ഗ നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>**വിൽപ്പന നടപടികൾ**</u>

സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയ സ്വീകാര്യമായ അപേക്ഷകൾ അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അപ്രൂവ് ചെയ്ത് മദ്ധ്യ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർക്ക് online പ്ലാറ്റ്ഫോമിലൂടെ സമർപ്പിക്കേണ്ടതാണ്. 24.12.2024 തിയതിയിൽ **രാവിലെ 11 AM** നു ആരംഭിച്ച് ഗ്രൂപ്പ്/റേഞ്ച് അടിസ്ഥാനത്തിൽ (നോട്ടിഫിക്കേഷൻ പ്രകാരം) online മുഖേന വിൽപ്പന വിജയിയെ ജോയിൻറ് എക്സൈസ് കമ്മീഷണർ താൽക്കാലികമായി പ്രഖ്യാപിക്കുന്നതാണ്, ആയതിന്റെ സമയക്രമം/ദിവസം ചുവടെ ചേർത്ത് ക്രമീകരിച്ച് കൊണ്ടും ഉത്തരവാകുന്നു. സാങ്കേതികമായ കാരണങ്ങൾ മൂലം വിൽപ്പന നടപടികളിൽ തടസ്സം ഉണ്ടായാൽ സമയ ക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. അപേക്ഷകർക്ക് മേൽ പരാമർശം ഉത്തരവുകളിലും, മാർഗ്ഗനിർദേശങ്ങളിലും പറയുന്ന വിധം താൽക്കാലികമായി വിജയിയെ പ്രഖ്യാപിക്കുന്ന നടപടി Youtube(https://youtube.com/@SouthZoneExcise) (ലിങ്ക് etoddyവെബ്സൈറ്റിൽ ലഭ്യമാണ്)ൽ കൂടി വീക്ഷിക്കാവുന്നതാണ്.

<u>തിരുവനന്തപുരം ഡിവിഷൻ</u>

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് | തീയതി |
|---|---|---|---|
| 1 | നെടുമങ്ങാട് | 1 | 24.12.2024 |
| 2 | ആര്യനാട് | I | 24.12.2024 |
| 3 | വാമനപുരം | II | 24.12.2024 |
| 4 | ചിറയിന്കീഴ് | I | 24.12.2024 |
| 5 | കിളിമാനൂർ | I | 24.12.2024 |
| 6 | വർക്കല | III | 24.12.2024 |
| 7 | കഴക്കൂട്ടം | I | 24.12.2024 |

<u>കൊല്ലം ഡിവിഷൻ</u>

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് | തീയതി |
|---|---|---|---|
| **1** | കൊല്ലം | **II** | **24.12.2024** |
| **2** | കൊല്ലം | **V** | **24.12.2024** |
| **3** | കൊല്ലം | **VIII** | **24.12.2024** |
| **4** | ചടയമംഗലം | **I** | **24.12.2024** |
| **5** | ചടയമംഗലം | **IV** | **24.12.2024** |
| **6** | പത്തനാപുരം | **I** | **24.12.2024** |

പത്തനംതിട്ട ഡിവിഷൻ

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് | തീയതി |
|---|---|---|---|
| 1 | അടൂർ | I | 24.12.2024 |
| 2 | പത്തനംതിട്ട | I | 24.12.2024 |
| 3 | പത്തനംതിട്ട | II | 24.12.2024 |
| 4 | പത്തനംതിട്ട | III | 24.12.2024 |
| 5 | ചിറ്റാർ | I | 24.12.2024 |
| 6 | തിരുവല്ല | II | 24.12.2024 |
| 7 | തിരുവല്ല | III | 24.12.2024 |

ആലപ്പുഴ ഡിവിഷൻ

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് | തീയതി |
|---|---|---|---|
| 1 | കുട്ടനാട് | V | 24.12.2024 |
| 2 | കുട്ടനാട് | VI | 24.12.2024 |
| 3 | കുട്ടനാട് | VII | 24.12.2024 |
| 4 | കുട്ടനാട് | X | 24.12.2024 |
| 5 | കുട്ടനാട് | XVI | 24.12.2024 |
| 6 | കായംകുളം | III | 24.12.2024 |
| 7 | മാവേലിക്കര | V | 24.12.2024 |
| 8 | ആലപ്പുഴ | XVI | 24.12.2024 |

കോട്ടയം ഡിവിഷൻ

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് | തീയതി |
|---|---|---|---|
| 1 | ഈരാറ്റുപേട്ട | VII | 24.12.2024 |
| 2 | കടുത്തുരുത്തി | VIII | 24.12.2024 |
| 3 | വൈക്കം | III | 24.12.2024 |
| 4 | വൈക്കം | IV | 24.12.2024 |
| 5 | വൈക്കം | VI | 24.12.2024 |

Signed by
D Balachandran
Date: 18-12-2024 16:55:22
:

D Balachandran
JOINT EXCISE COMMISSIONER

പകർപ്പ്: എക്സൈസ് കമ്മീഷണർ (ഉപരിപത്രം സഹിതം)
ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം)
(ഡിവിഷനിലെ മുഴുവൻ ഓഫീസുകളിലെയും നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതാണ്)
എക്സൈസ് ഇൻസ്പെക്ടർ (IT സെൽ, എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം)
(നടപടിക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഉത്തരവ് ഫയൽ / കരുതൽ ഫയൽ